(ബി&സി) കുന്നത്തറ ടെക്സ്റ്റയിൽസ് തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ഒരു ആർ.പി.ആർ ഉണ്ടാക്കാൻ കോയമ്പത്തൂരിലെ ബിട്രായെ ഏല്പിച്ചിരിക്കുകയാണ്. ബിട്രായുടെ റിപ്പോർട്ട് ഫെബ്രുവരി അവസാനത്തോടെ ലഭ്യമാകും. പിന്നീട് ഇത് കെ.എസ്.ഐ.ഡി.സി.ക്കു സമർപ്പിക്കുന്നതാണ്. കമ്പനി കെ.എസ്.ഐ. ഡി.സി.യുടെ സഹായത്തോടെ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ

10 (575) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിൽ പുതിയ എത്ര വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട് ; ഏതെല്ലാം ;

(ബി) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയുണ്ട് ;

(സി) അവയിൽ നഷ്ടത്തിലും ലാഭത്തിലും പ്രവർത്തിക്കുന്നവ എത്രയാണ് ; പ്രവർത്തനരഹിതമായവ എത്ര ;

(ഡി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം എത്രയാണ് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര വ്യവസായങ്ങൾ പൂട്ടിക്കിടന്നിരുന്നു ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചു പൂട്ടുകയുണ്ടായെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും എന്നാൽ പുനരുദ്ധരിക്കാൻ കഴിയുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് മുൻഗണന നൽകിയിട്ടുള്ളതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ കീഴിൽ പുതിയ പൊതുമേഖലാ സ്ഥാപനം ഒന്നും ആരംഭിച്ചിട്ടില്ല.

(ബി&സി) സംസ്ഥാനത്ത് മൊത്തം 111 പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളത്. ഏറ്റവും ഒടുവിൽ ലഭ്യമായ വിവരമനുസരിച്ച് സംസ്ഥാനത്തെ 45 പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലും 51 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിക്കുന്നു. 9 പൊതുമേഖലാസ്ഥാപനങ്ങൾ പ്രവർത്തനരഹിതമാണ്. ശേഷിച്ച 6 പൊതുമേഖലാ സ്ഥാപനങ്ങളിലെ വാണിജ്യാടിസ്ഥാനത്തിലുള്ള കണക്കുകൾ സൂക്ഷിക്കുന്നില്ല.

(ഡി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം കടം (ദീർഘകാലവായ്പ) 9211 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൂട്ടിക്കിടന്നിരുന്ന ഒൻപതു (9) വ്യവസായ സ്ഥാപനങ്ങളുടെ പേരു വിവരം അനുബന്ധമായി വച്ചിട്ടുണ്ട്.*

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമേഖലയിലുള്ള വ്യവസായസ്ഥാപനങ്ങൾ ഒന്നും പൂട്ടിയിട്ടില്ല. എന്നാൽ പഴകിദ്രവിച്ച യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ സാധ്യമല്ലാത്തതുമൂലം പുതിയ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പുനരുദ്ധാരണ നടപടികൾ എടുത്തു വരുന്നു. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് 14-11-2000 മുതൽ 3-12-2000 വരെ ലോക്കൗട്ടിൽ ആയിരുന്നു. ഇപ്പോൾ ഈ കമ്പനിയുടെ പ്രവർത്തനം സുഗമമായി നടന്നു വരുന്നു.

കശുവണ്ടി വ്യവസായം

11 (577) <u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധികളും വിഷമതകളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു പരിഹരിക്കുന്നതിന് എന്തു തുക ആവശ്യമായി വരും ; ആയതിലേയ്ക്കായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) കശുവണ്ടി വ്യവസായ വികസനത്തിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) കശുവണ്ടി വ്യവസായ വികസനത്തിനായി ഈ ഗവൺമെന്റ് എത്ര തുക ചെലവഴിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) നാടൻ തോട്ടണ്ടിയുടെ കുറവ്, കശുവണ്ടിപരിപ്പിന്റെ വിലക്കുറവ്, മൂല്യാധിഷ്ഠിത ഉല്പന്നങ്ങളുടെ അഭാവം എന്നിവയാണ് ഈ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ.

(ബി & സി) ഗവൺമെന്റ് കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് എന്നിവയുമായി സഹകരിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നാടൻ തോട്ടണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കശുമാവുകൃഷി ചെയ്യുന്ന പദ്ധതി ഏറ്റെടുത്തു നടത്തി വരുന്നു. മേൽ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കോർപ്പറേഷന്റെയും കാപെക്സിന്റെയും ഫാക്ടറികൾ നവീകരിക്കുന്ന പദ്ധതി നടന്നു വരുന്നു. ഇതിനായി നടപ്പു സാമ്പത്തിക വർഷ ബഡ്ജറ്റിൽ കോർപ്പറേഷന് 550 ലക്ഷം രൂപയും കാപെക്സിന് 50 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. കോർപ്പറേഷൻ അതിന്റെ ഫാക്ടറികളിൽ കമ്പ്യൂട്ടറൈസ്ഡ് വെയിംഗ് മെഷിനും പാക്കിംഗ് മെഷിനും സ്ഥാപിക്കുന്ന പ്രവർത്തനം നടന്നു വരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly